കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെട്ടവരുടെ ചികിത്സാ ധനസഹായം

116 (1942) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായം ലഭിക്കുന്നതിന് നൽകിയ അപേക്ഷകളിൽ ആയിരത്തിൽപരം രോഗികൾക്ക് സഹായം നൽകിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാരുണ്യ ബനവലന്റ് ഫണ്ടി (കെ.ബി.എഫ്.)-ന്റെ സംസ്ഥാനതല സമിതി അംഗീകരിച്ചിട്ടും നാളിതുവരെ ചികിത്സാ ധനസഹായം നൽകാത്തവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കെ.ബി.എഫ്.-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ചികിത്സാ ധനസഹായം ലഭിച്ച രോഗികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കെ.ബി.എഫ്.-ൽ അപേക്ഷ നൽകിയ വിജയൻ, എസ്., പോക്കാട് വീട്, വള്ളികുന്നം പി. ഒ. മാവേലിക്കര, ആലപ്പുഴ (KBFSS-10288/14) എന്ന വ്യക്തിക്ക് ധനസഹായം നൽകിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അപേക്ഷകന് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ച 1207 അപേക്ഷകൾക്ക് ധനസഹായം നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ധനസഹായ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.ബി.എഫ്.-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 8,424 പേർക്ക് 30-7-2015 വരെയുള്ള കാലയളവിൽ 51,25,90,298 രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ www.karunya.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ശ്രീ. വിജയൻ, എസ്., പോക്കാട് വീട്, വള്ളികുന്നം പി. ഒ., മാവേലിക്കര, ആലപ്പുഴയുടെ അപേക്ഷയിന്മേൽ ധനസഹായ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly